**പതിമൂന്നാം കേരളനിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം : 5117 02.07.2013 ൽ മറുപടിയ്ക്ക്**

## പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) പാരമ്പര്യേതര ഊർജ്ജ ഉപകരണങ്ങൾ ഉപയോഗിച്ച് സംസ്ഥാനത്ത് വൈദ്യുതീകരണം വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയിൽ സൗരോർജ്ജ മേഖലാ വ്യവസായ സ്ഥാപനങ്ങളെ ഉൾപ്പെടുത്തുന്നതിന് അപേക്ഷ ക്ഷണിച്ചുകൊണ്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നുവോ; | (എ) ഇല്ല. എന്നാൽ അനെർട്ട് നടപ്പാക്കുന്ന പതിനായിരം റൂഫ് ടോപ്പ് സോളാർ വൈദ്യുതി പദ്ധതിയുടെ നടത്തിപ്പിനായി കേന്ദ്ര നവനവീകരണീയ ഊർജ്ജ മന്ത്രാലയത്തിൽ ചാനൽ പാർട്ണേഴ്സായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും അനെർട്ട് എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിരുന്നു. |
| (ബി) അതു പ്രകാരം ലഭിച്ച അപേക്ഷകളുടെ എണ്ണവും ഓരോ സ്ഥാപനത്തിന്റെയും മേധാവിയുടെ പേരും വിലാസവും ലഭ്യമാക്കുമോ; | (ബി) അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. |
| (സി) എത്ര സ്ഥാപനങ്ങളെ പദ്ധതി സ്ഥാപനങ്ങളായി എൻലിസ്റ്റ് ചെയ്യുകയുണ്ടായി; ഏതെല്ലാം സ്ഥാപനങ്ങൾ; ഓരോ സ്ഥാപനത്തിന്റെയും മേധാവിയുടെ പേരും വിലാസവും ലഭ്യമാക്കുമോ; | (സി) അനുബന്ധം -2 ആയി ചേർത്തിട്ടുണ്ട്. |
| (ഡി) ഇങ്ങനെ എൻലിസ്റ്റു ചെയ്ത സ്ഥാപനങ്ങളുമായി അനർട്ട് ഉണ്ടാക്കിയിരിക്കുന്ന കരാർ വ്യവസ്ഥകൾ വ്യക്തമാക്കുമോ; | (ഡി) 1) ഗുണഭോക്താവ് സെലക്ട് ചെയ്ത് ബന്ധപ്പെടുന്ന അനെർട്ട് ലിസ്റ്റിലെ എംപാനൽ ചെയ്ത ഏജൻസികൾ പവർപ്ലാന്റ് |

സ്ഥാപിക്കേണ്ട സ്ഥലം സന്ദർശിച്ച് പ്രാഥമിക പഠനം നടത്തി സ്ഥാപിക്കാൻ യോജ്യമായ തെങ്കിൽ ഗുണഭോക്താവുമായി പ്ലാന്റ് സ്ഥാപിക്കാനുള്ള കരാറിൽ ഏർപ്പെടേണ്ടതും കരാറിന്റെ പകർപ്പും വർക്ക് ഓഡറിന്റെ പകർപ്പും പ്രാഥമിക പഠന റിപ്പോർട്ടും അനെർട്ടിന്റെ ജില്ലാ ഓഫീസുകളിൽ സമർപ്പിക്കേണ്ടതുമാണ്.

2) വർക്ക് ഏറ്റെടുത്താൽ 45 ദിവസത്തിനകം സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3) അനെർട്ടിന്റെ നോട്ടിഫിക്കേഷനിൽ പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടായിരിക്കണം പദ്ധതി നടപ്പിലാക്കേണ്ടത്.

4) തകരാറുകൾ സംബന്ധിച്ചു ലഭിക്കുന്ന പരാതികൾ 48 മണിക്കൂറിനകം പരിശോധിക്കേണ്ടതും നാലു ദിവസത്തിനകം പ്രശ്നം പരിഹരിച്ച് കൊടുക്കേണ്ടതുമാണ്.

5) ഇതു സംബന്ധിച്ച് വരുന്ന വീഴ്ചകൾക്ക് കമ്പനികളിൽ നിന്നും പിഴ ഈടാക്കാനുള്ള അധികാരം അനെർട്ടിനുണ്ടായിരിക്കും.

6) എംപാനൽ ചെയ്യപ്പെടുന്ന ഏജൻസികൾ അഞ്ചുലക്ഷം രൂപയുടെ അഞ്ചുവർഷത്തേയ്ക്കുള്ള ബാങ്ക് ഗ്യാരന്റി ഓരോ 50 എണ്ണത്തിനും അനെർട്ടിന് നൽകേണ്ടതാണ്.

7) ഗുണഭോക്തൃ വിഹിതം ഗുണഭോക്താവും ഏജൻസിയുമായി ഏർപ്പെടുന്ന കരാറിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താവിൽ നിന്ന് ഏജൻസി വാങ്ങേണ്ടതും സബ്സിഡി തുക ഗുണഭോക്താവിന്റെ സമ്മതപത്രം സാങ്കേതിക പരിശോധനയ്ക്ക് ശേഷം അനെർട്ടിൽ നിന്ന് കമ്പനിയിക്ക് ലഭ്യമാക്കുന്നതുമായിരിക്കും.

8) കേന്ദ്ര നവനവീകരണീയ ഊർജ്ജ മന്ത്രാലയത്തിന്റെ ലിസ്റ്റിൽ നിന്ന് പുറത്താക്കപ്പെട്ടതും എംപാനൽ ചെയ്ത മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്തതും അനെർട്ടിന്റെ എംപാനൽ ലിസ്റ്റിൽ നിന്ന് പുറത്താക്കാൻ മതിയായ കാരണങ്ങളാണ്.

9) എംപാനൽ ചെയ്ത ഏജൻസികളുടെ ലിസ്റ്റ് വിപുലപ്പെടുത്തുന്നതിന് അധികാരം അനെർട്ടിൽ നിക്ഷിപ്തമാണ്.

10) എംപാനൽ ചെയ്ത ഏജൻസി ഈ പദ്ധതി പ്രകാരം അനെർട്ടുവഴി ലഭ്യമാക്കുന്ന സബ്സിഡിയില്ലാതെ മറ്റേതെങ്കിലും സ്ഥാപനങ്ങളിൽ നിന്നോ ഗവൺമെന്റിൽ നിന്നോ സബ്സിഡി സ്വീകരിക്കാൻ പാടുള്ളതല്ല.

(ഇ) പ്രസ്തുത സ്ഥാപനം പദ്ധതിയിൽ എൻലിസ്റ്റ് ചെയ്യപ്പെടുവാൻ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ഇ)

1) എം.എൻ.ആർ.ഇ. യുടെ സൗരോർജ്ജ റൂഫ് ടോപ്പ് പദ്ധതിയിലെ ചാനൽ പാർട്ണർ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കണം.

2) വാണിജ്യ നികുതി രജിസ്ട്രേഷൻ ഉണ്ടായിരിക്കണം.

3) നിശ്ചിത ഫീസ് ഒടുക്കിയിരിക്കണം

4) കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷങ്ങളിൽ ഏതെങ്കിലും വർഷത്തിൽ 1 കോടി രൂപ ടേൺ ഓവർ ഉണ്ടായിരിക്കണം.

5) അനെർട്ടിന്റെ നോട്ടിഫിക്കേഷനിലെ സാങ്കേതിക കാര്യങ്ങൾ പാലിക്കപ്പെടേണ്ടതാണ്.

6) ഈ പദ്ധതി പ്രകാരം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന വിവിധ ഘടകങ്ങളുടെ (സോളാർ പാനൽ) ബാറ്ററി, ഇൻവർട്ടർ, ചാർജ്ജ് കൺട്രോളർ എന്നിവയുടെ) ടെസ്റ്റ് സർട്ടിഫിക്കറ്റുകൾ ഹാജരാക്കേണ്ടതും ഇതുപ്രകാരം അനെർട്ട് അംഗീകരിച്ച ഘടകങ്ങൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.

7) ഒരു മാസം ഇരുപത് സിസ്റ്റമെങ്കിലും സ്ഥാപിക്കാൻ എംപാനൽ ചെയ്യപ്പെടുന്ന ഏജൻസി ബാദ്ധ്യസ്ഥമാണ്.

8) കേരളത്തിൽ ഉത്തര-ദക്ഷിണ മേഖലകളിലായും കുറഞ്ഞത് രണ്ട് സർവ്വീസ് സെന്ററുകളെങ്കിലും ഉണ്ടായിരിക്കണം.

9) എംപാനൽ ചെയ്യപ്പെടുന്നതിന്റെ മുന്നോടിയായി കുറഞ്ഞത് 10 കിലോവാട്ട് സോളാർ പവർപ്ലാന്റുകളെങ്കിലും സ്ഥാപിച്ചതിന്റെ പ്രായോഗിക പരിജ്ഞാനം ഉണ്ടായിരിക്കേണ്ടതാണ്.

(എഫ്) എൻലിസ്റ്റ് ചെയ്യപ്പെട്ട സ്ഥാപനങ്ങൾ ഈ മാനദണ്ഡങ്ങൾ പാലിക്കുന്നവയാണെന്ന് എങ്ങനെയാണ് വിലയിരുത്തിയത്; വിശദമാക്കുമോ?

(എഫ്) ഏജൻസികൾ സമർപ്പിച്ച ഡോക്യുമെന്റുകൾ പരിശോധിച്ചു ഉറപ്പുവരുത്തിയ ശേഷമാണ് സ്ഥാപനങ്ങളെ എൻലിസ്റ്റ് ചെയ്തത്.

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**